'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.ആർസി3/228/2020/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/07/2021

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വ്യാപാര ലൈസൻസ് പുതുക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:- 1) 10.01.2013 ലെ 66562/ആർസി3/12/തസ്വഭവ നമ്പർ സർക്കുലർ

2) WP(C) 5938/2017(N) നമ്പർ ഹർജിയിൽ ബഹു. ഹൈക്കോടതി 22.02.2017 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം.

3) 23.10.2017 ലെ സ.ഉ.(സാധാ) നം. 3361/2017/തസ്വഭവ

സൂചന 1 ലെ സർക്കുലർ പ്രകാരം എല്ലാ ലൈസൻസ് അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തേണ്ടതാണെന്നും ആയതിന് ഒരു പ്രൊഫഷണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത WP(C)5938/2017(N) എന്ന കേസിൽ ബഹു.ഹൈക്കോടതി സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാതെ തന്നെ ടി ഹർജിയിലെ രണ്ടാം പരാതികക്ഷിയായ ശ്രീ. റിമോൾഡ് പെരേര എന്നയാളുടെ ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുന്നതിന് ഞാറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരം കേരള പഞ്ചായത്ത് രാജ് നിയമങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതിയിലെ സെക്ഷൻ 233(4) ബി പ്രകാരം ആരോഗ്യ സ്ഥാപനങ്ങൾക്ക് മാത്രമാണ് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ആവശ്യമുള്ളതായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി ട്രേഡ് ലൈസൻസുകൾ സംബന്ധിച്ച നടപടികൾ സുഗമമാക്കുന്നതിലേക്കായി പ്രസ്തുത ലൈസൻസിനായി ഐ.ഡി പ്രൂഫ്, ലീസ് ഡീഡ് / ലീഗൽ ഒക്യൂപൻസി സർട്ടിഫിക്കറ്റ് എന്നിവ മാത്രം ഹാജരാക്കിയാൽ മതിയെന്നും സൂചന 3 പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപാര ലൈസൻസിന് അപേക്ഷിക്കുമ്പോഴും ലൈസൻസ് പുതുക്കുന്നതിനും ഓരോ ജില്ലയിലും വ്യത്യസ്തങ്ങളായ നടപടി ക്രമങ്ങളാണ് പാലിച്ചുവരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പരാതികൾ പരിഗണിച്ചും സൂചന ഉത്തരവുകളുടെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ട്രേഡ് ലൈസൻസ് പുതുക്കുമ്പോൾ ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വ്യാപാര ലൈസൻസുകൾ പുതുക്കുമ്പോൾ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ല. അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകിയാൽ മതിയാകും.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി വ്യാപാര ലൈസൻസ് എടുക്കുമ്പോൾ വാടക കരാറും ഐ.ഡി പ്രൂഫും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ലൈസൻസ് യഥാസമയം പുതുക്കുകയാണെങ്കിൽ വാടകക്കരാർ വീണ്ടും ഹാജരാക്കേണ്ടതില്ല. ലൈസൻസ് യഥാസമയം പുതുക്കാതെ വരുന്ന സാഹചര്യത്തിൽ വീണ്ടും പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിട ഉടമയുടെ സമ്മതപത്രം കൂടി ഹാജരാക്കേണ്ടതാണ്.

ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
മേഖലാ ജോയിന്റ് ഡയറക്ടർ കൊല്ലം , കൊച്ചി , കോഴിക്കോട് (നഗരകാര്യ ഡയറക്ടർ മുഖേനെ)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും. (ബന്ധപ്പെട്ട ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II) തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഐ.& പി.ആർ.ഡി വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി3/228/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ